# ആന്റണിമാമന് ഒരു പോസ്റ്റ് കാർഡ്

ഇനിയൊരു പര്യാലോചന ആവശ്യമില്ലാത്ത രീതിയിൽ കേരളീയ സമൂഹം അടച്ചുകളഞ്ഞ ഒരദ്ധ്യായമാണ് നമ്മുടെ മുഖ്യമന്ത്രി വീണ്ടും തുറന്നു വെയ്ക്കുന്നത്. അദ്ദേഹം കേരളത്തെ ഒരു ദശാബ്ദം പിന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇടമലയാറിൽ ആണവ വൈദ്യുതി നിലയം സ്ഥാപിക്കും എന്ന പ്രസ്താവന മറ്റെന്താണു സൂചിപ്പിക്കുന്നത്?

ഏതു വിധേനയും ചെലവുകുറഞ്ഞ വൈദ്യുതി ലഭ്യമാക്കും എന്നും, ആണവ നിലയത്തിന്റെ പ്രസക്തിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ വീണ്ടും ബോധവൽക്കരണം നടത്തണമെന്നും മുഖ്യമന്ത്രി പ്രസ്താവിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. കേരളത്തിലെ ജനങ്ങൾക്കല്ല, ഭരണാധികാരികൾക്കാണ് ബോധവൽക്കരണം ആവശ്യമുള്ളത്.

വർഷങ്ങൾക്കു മുമ്പുതന്നെ ഒരുപാടു പത്രത്താളുകൾ ഈ വിഷയത്തിൽ (ആണവ വൈദ്യുതി) ചെലവഴിക്കപ്പെട്ടിട്ടുള്ളതാണ്. ആണവ വൈദ്യുതി നിലയത്തിന്റെ ഗുണങ്ങളും ദൂഷ്യങ്ങളും ഏവയൊന്നും, ഇത്തരം ഒരെണ്ണത്തിന്റെ പണി ആരംഭിച്ചാൽതന്നെ എത്ര വർഷം കഴിഞ്ഞാണു വൈദ്യുതി ഉൽപ്പാദിച്ചു തുടങ്ങുന്നതെന്നും ലോകത്ത് എത്ര രാജ്യങ്ങൾ കോടികൾ മുടക്കി പണികഴിപ്പിച്ച നിലയങ്ങൾ ഉപേക്ഷിച്ചുകളഞ്ഞു എന്നും, എവിടെയെല്ലാം ഭീകരമായ അപകടങ്ങൾ (സ്ഫോടനവും അണുപ്രസരവും) ഉണ്ടായിട്ടുണ്ട് എന്നും വിശദമായ ചർച്ചകളും അറിയിപ്പുകളും നടന്നുകഴിഞ്ഞതാണ്. കേരളത്തിൽ ആണവവൈദ്യുതി നിലയം എന്ന ആശയത്തെക്കുറിച്ച് ഇനിയും ഒരു ചർച്ചയെ ആവശ്യമില്ല എന്നു തീർച്ച.

കുടത്തിലടച്ച ഭൂതത്തെ തുറന്നുവയ്ക്കും പോലെ മുഖ്യമന്ത്രി ഇങ്ങനെ ഒരു കീറാമുട്ടി പ്രശ്നം ഇപ്പോൾ പുറത്തെടുത്തതുതന്നെ നമ്മിൽ ചിന്താകുഴപ്പമുണ്ടാക്കുന്ന കാര്യമാണ്. വികസനപരമായ എത്രയോ വേറെ സാധ്യതകളും ചർച്ചാ വിഷയങ്ങളും ഉള്ളപ്പോൾ, അടിയന്തിര പ്രാധാന്യമുള്ള ഏറെ കാര്യങ്ങളുള്ളപ്പോൾ!

മുല്ലപ്പെരിയാർ ഡാമും, അവിടത്തെ ഭൂകമ്പ സാധ്യതയും നമ്മുടെ ഉറക്കം കെടുത്തിക്കൊണ്ടിരിക്കുമ്പോൾ, അതിന്റെ കാരണം നമ്മുടെ സർക്കാരിന്റെ മൂഢത്തമാണെന്നിരിക്കെ, നമ്മുടെ സ്ഥാനത്തു തമിഴ്നാടായിരുന്നെങ്കിൽ ഈ ഡാം സംബന്ധിച്ചുള്ള കാലഹരണപ്പെട്ട കരാറുകൾ ഏതു വിധേനയും റദ്ദു ചെയ്യുമായിരുന്നു എന്നിരിക്കെ, നമ്മുടെ നിരത്തുകളിലോടുന്ന വാഹനങ്ങളുടെ എയർഹോണുകൾ അനതിവിദൂര ഭാവിയിൽ കേരളീയരിൽ നല്ല പങ്കിനെ ഭ്രാന്തരാകുമെന്നിരിക്കെ, കേരളത്തിൽ ഇപ്പോൾ തന്നെ നടന്നുകൊണ്ടിരിക്കുന്ന പരിസര ജലമലിനീകരണം അപായകരമാണെന്നിരിക്കെ, നമ്മുടെ മെഡിക്കൽ കോളേജുകളിലെ ജനറൽ വാർഡുകളിലെ, ദുർഗന്ധം ശവക്കുഴിമാടത്തിലേതിനേക്കാൾ ഒട്ടും ഭേദമല്ലെന്നിരിക്കെ, ഇവയൊന്നും പരിഹരിക്കാൻ കഴിയാത്ത മുഖ്യമന്ത്രീ താങ്കൾക്ക് ആണവ വൈദ്യുതിക്കാര്യത്തിൽ എന്താണിത്ര ഭ്രമം?!

കേരളത്തിലെ ആണവനിലയസ്ഥാപനത്തെ എതിർക്കുന്ന സജ്ജനങ്ങൾ വീണ്ടും ബോധവൽക്കരണവും ചർച്ചയുമായി സമയവും ഊർജ്ജവും കളയേണ്ടതില്ല എന്നാണെന്റെ അഭിപ്രായം. ഏതു കാര്യത്തിലും വിനാശകാല ബുദ്ധിയോ നമ്മുടെ ഭരണാധികാരികൾ മുന്നേറുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അനാവശ്യവും അപ്രസക്തവും, ഗതാഗത മേഖലയിലെ മറ്റ് അവശ്യപദ്ധതികളെ അട്ടിമറിക്കുകയും വികസനത്തിന്റെ സമതുലിതാവസ്ഥയെ തകർക്കുകയും ചെയ്യുന്ന 'സൂപ്പർ ഹൈവേയുടെ' കാര്യം തന്നെ ഉദാഹരണം.

മുഖ്യമന്ത്രിക്ക് എന്തെങ്കിലും ബോധോദയമോ, മാനസാന്തരമോ ആണവ വൈദ്യുതി നിലയക്കാര്യത്തിൽ ഉണ്ടാക്കിയെടുക്കാൻ എന്താണു മാർഗ്ഗമെന്ന് സത്യത്തിൽ ഒരു പിടിയും കിട്ടുന്നില്ല. എങ്കിലും ചെലവല്ലാത്തതും ഏറ്റവും എളുപ്പവുമായ ഒരു പരിശ്രമം നടത്തിനോക്കാം. ആണവവൈദ്യുതി നിലയത്തെ എതിർക്കുന്ന ഓരോ വ്യക്തിയും മുഖ്യമന്ത്രിക്ക് പോസ്റ്റൽ കാർഡിൽ ഒരോ കത്തയക്കുക. 'നമുക്ക് ആണവ വൈദ്യുതി നിലയം വേണ്ടാ, സാർ' എന്ന് കേരള മുഖ്യമന്ത്രി, മുഖ്യമന്ത്രി കാര്യാലയം, തിരുവനന്തപുരം എന്ന വിലാസത്തിൽ. 50 പൈസയും അഞ്ചുമിനിറ്റും മുടക്കാൻ നമ്മൾ ഓരോരുത്തരും സന്മനസ്സുകളാകുക. അയയ്ക്കുന്നവരുടെ പേരും വിലാസവും വയ്ക്കാൻ മറക്കരുത്.

ലളിത വേഷധാരിയും വിനയവാനുമായി അറിയപ്പെടുന്ന ആളാണ് നമ്മുടെ മുഖ്യമന്ത്രി. കുട്ടികൾക്കും, വീട്ടമ്മമാർക്കും ഒക്കെ പ്രിയപ്പെട്ട ആൾ. വീട്ടമ്മമാരും കുട്ടികളും കത്തെഴുതാൻ കൂടുതൽ ഉത്സാഹിക്കണം. യു.പി. ക്ലാസ്സുമുതൽ മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾ, ആണവ നിലയത്തിന്റെ ദൂഷ്യങ്ങൾ കുറച്ചെങ്കിലും അറിയുന്നവർ മാത്രം എഴുതിയാൽ മതി. ആന്റണി മാമന് ഓരോ കാർഡ്. മഹത്തായ തോൽവിയിലോ, ഒരുപക്ഷെ അതിലും മഹത്തായ വിജയത്തിലോ നമുക്കു പങ്കാളിയാകാം. ആയിരക്കണക്കിനോ പതിനായിരക്കണക്കിനോ ചെല്ലുന്ന നിശബ്ദമായ അഭ്യർത്ഥനകളെ അപ്പാടെ നിരസിക്കാൻ മുഖ്യമന്ത്രിക്കു കഴിയുമോ?

*ജോണി. ജെ. പ്ലാത്തോട്ടം*
*പ്രവിത്താനം*

## സ്ത്രീപാട്ടുകളരി

തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഖി സ്ത്രീപഠന കേന്ദ്രം ആഗസ്റ്റ് 9-14 വരെ സ്ത്രീകൾക്കായി പാട്ടുകളരി സംഘടിപ്പിക്കുന്നു. സ്ത്രീപക്ഷത്തു നിന്നുള്ളതും സ്ത്രീകൾക്ക് പാടാവുന്നതുമായ കുറച്ചു പാട്ടുകൾ ചിട്ടപ്പെടുത്തിയെടുക്കുകയാണ് ഉദ്ദേശ്യം. രചന, സംഗീതം, ആലാപനം ഇവക്കു പ്രധാന്യം നൽകികൊണ്ടുള്ളതാണ് ശിൽപശാല. പങ്കെടുക്കാൻ താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ സഹിതം എഴുതുക: സഖി വിമൻസ് റിസോഴ്സ് സെന്റർ, ടി.സി. 27/1872, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം - 695 035

# അതിരപ്പിള്ളി പദ്ധതി : രാഷ്ട്രപതിക്ക് ഇ–മെയിൽ സന്ദേശം അയച്ചു

**2002** ഫെബ്രുവരി 6 ന് നടത്തിയ പൊതുതെളിവെടുപ്പിനെ തുടർന്ന് വേണ്ടെന്നു വെച്ചിരുന്ന അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ വാട്ടർ പവർ കൺസൾട്ടൻസി സർവ്വീസ് മുഖേന കെ.എസ്.ഇ.ബി. നടത്തുന്ന ശ്രമങ്ങൾക്കെതിരെ തൃശൂർ പബ്ലിക്ക് ഇന്ററസ്റ്റ് ഫോറം രാഷ്ട്രപതിക്ക് ഇ-മെയിൽ സന്ദേശം അയച്ചു 550 കോടി രൂപ ചിലവുവരുന്ന 163 മെഗാവാട്ട് വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ടിട്ടുള്ള അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിക്ക് രൂപം കൊടുത്ത കെ.എസ്.ഇ.ബി. തുടക്കം മുതൽ പാരിസ്ഥിതിക ആഘാതപഠനം വിശദമായ രീതിയിൽ നടത്തിയിട്ടില്ലെന്ന് ആരോപണം ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് ഹൈക്കോടതി അഭിപ്രായപ്പെട്ടത് 1994 ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷന് 10-4-97 ൽ വരുത്തിയ പരിഷ്കാരമനുസരിച്ച് വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തണമെന്നും അതിനുശേഷം പൊതു തെളിവെടുപ്പ് നിർബന്ധമായും നടത്തണമെന്നുള്ള ചട്ടം കെ.എസ്.ഇ.ബി. പാലിച്ചിട്ടില്ലെന്നാണ്. ഈ വിധിക്കു ശേഷം തൃശൂരിൽ 6-2-2002ന് പൊതു തെളിവെടുപ്പ് നടത്തിയ പാനൽ അംഗങ്ങളും കെഎസ്.ഇ.ബി. മുന്നേ നടത്തിയ പരിതസ്ഥിതി ആഘാതപഠനം വിശദമായ തരത്തിലുള്ളതല്ലെന്നും ധൃതി പിടിച്ച് തട്ടിക്കൂട്ടിയതാണെന്നും വ്യക്തമാക്കിയിരുന്നു.

കെ.എസ്.ഇ.ബി. കേന്ദ്ര വനം പരിതസ്ഥിതി വകുപ്പിൽ സ്വാധീനം ചെലുത്തി പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നേടിയെടുക്കുവാൻ പിൻവാതിൽ ശ്രമങ്ങൾ നടത്തുകയാണെന്ന് ഫോറം ആരോപിച്ചു. അതിരപ്പിള്ളി റേഞ്ചിൽ പാറ തുരക്കുന്ന ഡ്രില്ലിംഗ് മെഷീനുകൾ കൊണ്ടുവന്ന് കെ.എസ്.സി.ബി. അധികൃതർ വനം വകുപ്പ് സി.സി.എഫിന്റെ അനുമതിയില്ലാതെ പരിശോധനകൾ നടത്തുന്നത് ഉടൻ നിർത്തിവെയ്ക്കുവാൻ രാഷ്ട്രപതി ഉത്തരവിടണമെന്നും പ്രശ്നം സംബന്ധിച്ച്. കെ.എസ്. ഇ.ബി. എം.ഡി. യിൽ നിന്നും കേരള വനംവകുപ്പിന്റെ സി.സി. എഫിൽ നിന്നും വിശദീകരണം തേടണമെന്നും ഫോറം ആവശ്യപ്പെട്ടു.

പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ ചാലക്കുടി പുഴയിലെ ജലനിരപ്പ് അപകടകമാകുംവിധമാകുമെന്നും അതിനോടനുബന്ധിച്ചുള്ള ജലപാതകൾ കേന്ദ്രീകരിച്ച് നിലനിൽക്കുന്ന ജൈവവൈവിധ്യമേഖല അപ്പാടെതകരാറിലാകുമെന്നും ഉള്ള വസ്തുതകൾ പരിഗണിക്കണമെന്നും ഫോറം ആവശ്യപ്പെട്ടു.

*വി.കെ.വെങ്കിടാചലം, പബ്ലിക് ഇന്ററസ്റ്റ് ഫോറം, തൃശൂർ*

---

# ക്രൈസ്തവരിലെ ഭക്ഷണവൈകല്യം സെമിനാർ

കോട്ടയം : ക്രൈസ്തവരുടെയിടയിൽ യോഗാതുരത കൂടുതലാണെന്നും ഇതിനു കാരണം മത്സ്യം, മാംസം, മുട്ട എന്നിവയുടെ അമിതമായ ഉപയോഗ ശീലമാണെന്നും വെളിപ്പെട്ടിട്ടുണ്ട്. എന്നാൽ ലളിതവും ശുദ്ധവുമായ സസ്യാഹാരമാണ് മനുഷ്യന് യോജിച്ചത് എന്ന തിരിച്ചറിവുള്ള അനേകം പട്ടക്കാരും സന്യാസി-സന്യാസിനികളും വിശ്വാസികളും മിക്കവാറും എല്ലാ സഭകളിലുമുണ്ട്. ജീവൻ ദയാവേദിയുടെ ആഭിമുഖ്യത്തിൽ അങ്ങിനെയുള്ളവരുടെ ഒത്തുച്ചേരൽ ജൂലായ് 22 ന് 10 മുതൽ 4 വരെ കോട്ടയം ശാസ്ത്രി റോഡിൽ ബേക്കർ ഹില്ലിലുള്ള സീരിയിൽ നടത്തുന്നു. ഭക്ഷണവൈകല്യവും രോഗവും തമ്മിലുള്ള ബന്ധവും ആരോഗ്യശാസ്ത്രത്തിലെ പുത്തൻ തിരിച്ചറിവും സഭാനേതൃത്വങ്ങളെയും വിശ്വാസികളെയും എങ്ങനെ ബോദ്ധ്യപ്പെടുത്തുമെന്നുള്ളതാണ് ഇതിലെ മുഖ്യ ചിന്താവിഷയം. യോഗത്തിന് ഔപചാരികതകളൊന്നുമില്ല. വിവരങ്ങൾക്ക് 0481-2430839 / 0482-2230634

*ജീവൻ ദയാവേദിയ്ക്കുവേണ്ടി*
*പ്രൊഫ. ജോസ് മാത്യു*
*(ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ്, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി)*

---

## ദളിത് യുവതിയെ നഗ്നയാക്കി മർദ്ദനം : പുരോഗമന കേരളത്തിന്റെ യഥാർത്ഥ മുഖം!

പത്തനംതിട്ട ജില്ലയിൽ ദളിത് യുവതിയെ ക്രൂരമായി മർദ്ദിക്കുകയും റോഡിലൂടെ നഗ്നയാക്കി വലിച്ചിഴക്കുകയും ചെയ്ത സംഭവം പുരോഗമനവാദികൾ എന്ന് അഭിമാനിക്കുന്ന കേരളസമൂഹത്തിന്റെ വികൃതമുഖം വെളിപ്പെടുത്തുന്നു. സ്ത്രീയായിരിക്കുക എന്നത് ആക്രമിക്കപ്പെടേണ്ടവൾ എന്ന ധാരണ നിലനിൽക്കുന്ന സാമൂഹ്യ സാഹചര്യത്തിൽ, സാമൂഹ്യമായും സാമ്പത്തികമായും പിന്നിലാക്കപ്പെട്ട വിഭാഗത്തിലുള്ളവരെ ആക്രമിക്കുന്നത് എളുപ്പമാകുന്നു.

സ്ത്രീ പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെടുന്ന സ്ത്രീ സംഘടനകളും, സാമൂഹ്യ-സാംസ്കാരിക നായകരും, മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ സംഭവത്തിൽ കാണിക്കുന്ന മൗനം വിരൽചൂണ്ടുന്നത് മുഖ്യധാര സ്ത്രീ പ്രശ്നങ്ങളിൽ നിന്ന് ദളിത് സ്ത്രീയുടെ പ്രശ്നങ്ങൾ മാറ്റി നിർത്തപ്പെടുന്നു എന്നതാണ്.

ദളിതർക്ക് ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളും പരിരക്ഷയും കാറ്റിൽപറത്തിക്കൊണ്ട് പ്രതികൾക്ക് അനുകൂലമായി നിലപാടെടുത്ത അധികാര സ്ഥാപനങ്ങൾ ക്രൂരമായ ഈ മനുഷ്യാവകാശ ലംഘനത്തിന് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്.

സംഭവത്തിൽ പ്രതികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അധികാര സ്ഥാപനങ്ങളുടെ ജാതി ലിംഗ വിവേചനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

*ചേതന വിമൻസ് ഗ്രൂപ്പ്*
*തൃശൂർ*